"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവ- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018, 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി വിഭാവനം ചെയ്ത **മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി** ( Chief Minister 's Local Roads Rebuild Project ) **നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും** 65,75,37,270 രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ ( ഡി ആർ എഫ്-എ) വകുപ്പ്**

സ.ഉ.(സാധാ) നം.3143/2021/റവ. തീയതി,തിരുവനന്തപുരം, 15/09/2021

---

പരാമർശം:-

1. 09.01.2020 ലെ സ.ഉ (കൈ) നം.13/2020/ത.സ്വ.ഭ.വ
2. 04.05.2020 ലെ സ.ഉ(സാ.ധാ)നം.1683/2020/റവ
3. 30.09.2020 ലെ സ.ഉ (സാ.ധാ) നം.2983/2020/റവ
4. 18.12.2020 ലെ സ.ഉ (സാ.ധാ) നം.2337/2020/ ത.സ്വ.ഭ.വ
5 21.12.2020 ലെ സ.ഉ (സാ.ധാ) നം.3876/2020/ റവ
6 24.12.2020 ലെ സ.ഉ (കൈ) നം.200/2020/ ത.സ്വ.ഭ.വ
7 29.12.2020 ലെ സ.ഉ (സാ.ധാ) നം.3984/2020/ റവ
8 09.01.2021 ലെ സ.ഉ (സാ.ധാ) നം.92/2021/ റവ
9 28.06.2021 ലെ സ.ഉ (സാ.ധാ) നം.2239/2021/ റവ
10 .തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.08.2021 ലെ ഇ17/5555/20/സി.ഇ ത.സ്വ.ഭ.വ നമ്പർ കത്ത്

**ഉത്തരവ്**

2018, 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടാത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് **മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി** ( Chief Minister 's Local Roads Rebuild Project ) **നടപ്പിലാക്കുന്നതിനായി** 1000 കോടി രൂപ **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ** തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടം ആയി **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനും പരാമർശം** (2) , (3) (7) **എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.**

2. CMLRRP – നടത്തിപ്പിനായി **പരാമർശം** (5) ,(8) ,(9) **എന്നീ ഉത്തരവുകൾ പ്രകാരം , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനോടകം** 158,59,29,301/- രൂപ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. CMLRRP - യുടെ കീഴിലെ പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിലേക്കായി നാളിതുവരെ അനുവദിച്ച തുകയിൽ നിലവിൽ STSB അക്കൗണ്ടിൽ അവശേഷിക്കുന്നത് 34,24,62,730 രൂപാ മാത്രമാണെന്നും നിലവിൽ 162 കോടിയോളം രൂപയുടെ 1100 ബില്ലുകൾ തുക അനുവദിക്കുന്നതിലേക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണത്തിനായി 65,75,37,270 രൂപാ അനുവദിക്കണമെന്നും പരാമർശം (10) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചു.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. **മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ**

പദ്ധതി ( Chief Minister 's Local Roads Rebuild Project ) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ അനുവദിക്കാൻ നിശ്ചയിച്ചിട്ടുള്ള 1000 കോടി രൂപയിൽ ഇതിനോടകം അനുവദിച്ച 158,59,29,301/- രൂപയ്ക്ക് പുറമെ 65,75,37,270 രൂപാ കൂടി പരാമർശം (4 ) ലെ വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 65,75,37,270 ( അറുപത്തിയഞ്ച് കോടി എഴുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ചീഫ് എഞ്ചിനീയറുടെ STSB ( A/C No. 799011400006726) അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
ഡയറക്ടർ.ട്രഷറി വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക് ,
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
ധനകാര്യ ഫണ്ട്സ് വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 15-09-2021 16:54:07
Reason: Approved
സെക്ഷൻ ഓഫീസർ